നിന്നും സ്നേഹം നേടുവാൻ ഞാൻ കൂടുതൽ ശ്രദ്ധിക്കുന്തോറും അദ്ദേഹം അധികമായി എന്നിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരുന്നു. കൂടുതൽ ലൈംഗികമായ നിലപാട് ഞാൻ സ്വീകരിച്ചു നോക്കി; കരയുന്ന നിലപാട് സ്വീകരിച്ചു. ദേഷ്യത്തിന്റെ നിലപാട് ഞാൻ സ്വീകരിച്ചു; നിരന്തരം ശല്യം ചെയ്യുന്ന നിലപാട് സ്വീകരിച്ചു- അങ്ങനെ പ്രായപൂർത്തിയായവർ തമ്മിൽ നടത്താറുള്ള എല്ലാവിധ യുക്തിപരമായ ആശയവിനിമയ രീതികളും ചെയ്തിട്ടും അവ എന്നെ ഒരിടത്തും കൊണ്ടെത്തിച്ചില്ല. എന്നിൽ നിന്നും അദ്ദേഹം ആകെക്കൂടി ആഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ ഭക്ഷണം തയ്യാറാക്കുന്നതും കുട്ടികളുടെ ചുമതലയെടുക്കുന്നതും മാത്രമേ ഉള്ളു എന്ന് എനിക്കു തോന്നി. ഇവകളല്ലാത്ത സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ മാത്രമായ വഴികളിലൂടെ, എന്നിൽ നിന്നും അകന്നു നടന്നിരുന്നു. എന്റെ ജീവിതം അദ്ദേഹത്തിന്റെ ആവശ്യങ്ങൾക്ക് ചുററും വലയം വയ്ക്കുന്ന ഒന്നായി മാറിയെങ്കിലും എന്റെ ആവശ്യങ്ങളൊന്നും അദ്ദേഹത്തിൽ നിന്നും പ്രാവർത്തികമായി തീർന്നില്ല.

ചാർളി എന്നെ എങ്ങനെ സ്നേഹിക്കണമെന്നാഗ്രഹിക്കുന്ന വിധത്തിൽ സ്നേഹിക്കപ്പെടുന്നതിനായി ഞാൻ പത്തു വർഷം കഠിനമായി ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല. ഞാൻ ആഗ്രഹിക്കുന്ന സ്നേഹം ലഭിക്കാതെയും എന്റെ ജീവിതം അവഗണിക്കപ്പെടുകയും ചെയ്യുന്നതു കണ്ടപ്പോൾ ഞാൻ ചിന്തിച്ചു, ''ഞാൻ അദ്ദേഹത്തിൽ നിന്ന് വിവാഹമോചനം നേടി മറ്റാരെയെങ്കിലും കണ്ടെത്തുവാൻ ശ്രമിക്കും. അതെ, ഒരുപക്ഷേ എന്റെ സങ്കൽപത്തിലെ സുന്ദരനായ രാജകുമാരൻ ചാർളിയല്ലെങ്കിൽ, അങ്ങനെയുള്ള വ്യക്തി ആരാണെന്ന് ഞാൻ കണ്ടെത്തേണ്ടിയിരിക്കുന്നു.'' എന്നാൽ വിവാഹമോചനം പെട്ടെന്ന് സൃഷ്ടിക്കുന്ന കുഴപ്പങ്ങളെപ്പറ്റി വിലയിരുത്തിയപ്പോൾ അതിന്റെ ശോചനീയമായ സാദ്ധ്യതകളെ ഞാൻ മനസ്സിലാക്കി. ''എന്നെ സ്നേഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്ന രീതിയിൽ എന്നെ സ്നേഹിക്കുവാൻ മറ്റൊരാൾ ഇല്ലാതെ വന്നാൽ ഞാൻ എന്തു ചെയ്യും?'' ആ ചിന്ത എന്നിൽ സമ്മർദ്ദം ചെലുത്തുന്ന ഒന്നായി

മാറി. സ്വയം സമാധാനിച്ചുകൊണ്ട് ഞാൻ പിന്തിരിഞ്ഞു. ''ഒരുപക്ഷേ, നല്ലൊരു ദാമ്പത്യജീവിതത്തെപ്പറ്റിയുള്ള ഈ സ്വപ്നം എന്റേതോ എന്റെ ജീവിതത്തിന്റേയോ ഒരു പരിഹാര മാർഗ്ഗമായിരിക്കുകയില്ല. നിവൃത്തി കണ്ടെത്തുവാൻ മറ്റെന്തെങ്കിലും പരിഹാരത്തിന് ഞാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.''

തൊഴിലിൽ പര്യാപ്തത കണ്ടെത്തുന്നതാണ് സ്ത്രീകളുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല മറുപടി എന്നാണ് വനിതാവിമോചന സംഘടനകൾ പൊതുവെ പ്രഖ്യാപിക്കുന്നത്. ചാർളിയെ സംബന്ധിച്ചിടത്തോളം അത് പ്രാവർത്തികമായി കണ്ടു. ഒരുപക്ഷേ എന്നെ സംബന്ധിച്ചും ഇത് പ്രാവർത്തികമാക്കാം. ഹൂസ്റ്റണിന്റെ മറുവശത്തുള്ള ഒരു ട്രാവൽ ഏജൻസിയിലുള്ള ഒരു നല്ല ജോലി എനിക്ക് കിട്ടി. യാത്ര ഞാൻ ഇഷ്ടപ്പെട്ടിരുന്നു; ജോലിയും ഉത്തമമായിരുന്നു. വിമാന യാത്രയുടെ ടിക്കറ്റിനെ സംബന്ധിച്ച വിവരങ്ങൾ എഴുതുന്നതു വരെയുള്ള എല്ലാക്കാര്യങ്ങളും എനിക്കിഷ്ടമായി. ഓഫീസിലുള്ള ബോസും മറ്റു സഹപ്രവർത്തകരും അവരോടുകൂടെ ഞാൻ പ്രവർത്തിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചിരുന്നു. ഒരു ശീതകാലത്ത് ഇംഗ്ലണ്ടിലേക്കുള്ള ഒരു സന്ദർശക സംഘത്തെ ഞാൻ അനുഗമിച്ചിരുന്നു. ഞാൻ ആദ്യമായി തനിയെ ആഫ്രിക്കയിലേക്ക് യാത്ര ചെയ്തതാണ് എന്റെ ഏറ്റവും വലിയ സാഹസികത നിറഞ്ഞ പ്രവൃത്തി. ജോലിയിൽ കിട്ടുന്ന ബോണസ് കൊണ്ട് ഒരു ട്രാവൽ ഏജന്റായുള്ള പുരസ്ക്കാരം ലഭിച്ചു. ''ഇനിയും മെച്ചമായത് മറ്റെന്തുണ്ട്?'' എന്നാൽ ഇവയൊന്നും ഞാൻ ആഗ്രഹിച്ച് അന്വേഷിച്ചിരുന്ന സ്നേഹമോ സംതൃപ്തിയോ നൽകിയിരുന്നില്ല... ഞാൻ ഇപ്പോഴും ഏകയായിരുന്നു.

''ജീവിതത്തിനുള്ള മറുപടി എന്താണ്?'' ഞാൻ സ്വയം ചോദിച്ചു.

''ഒരുപക്ഷെ, എല്ലാം പരീക്ഷിച്ചു നോക്കുന്നതായിരിക്കും അത്. മുമ്പിലുള്ള ഓരോ മലയും ചവിട്ടി കയറുകയും അതിന്റെ അപ്പുറത്ത് എന്തുണ്ടെന്ന് കാണുന്നതും ആയിരിക്കാം അത്.'' അങ്ങനെ ഞാൻ വളരെ വിഷയങ്ങൾ പരീക്ഷിച്ചുനോക്കി,

മയക്കുമരുന്ന് ഞാൻ ഉപയോഗിച്ചുനോക്കി. പക്ഷെ അതുവരെ ഞാനൊരു പുകവലിക്കാരിയായിരുന്നില്ല. മൂക്കിലേക്ക് മയക്കുമരുന്ന് ശ്വസിച്ചെടുക്കുന്നത് നല്ലതായി എനിക്ക് തോന്നിയില്ല. എന്നാൽ വിരുന്നു സൽക്കാരങ്ങളിലേക്ക് എന്നെ തന്നെ ഞാൻ വിട്ടുകൊടുത്തു.

"ചാർളിക്കു പെൺകുട്ടികളുമായി ശൃംഗരിക്കുന്നത് ഇഷ്ടമാണ്, ആണുങ്ങളുമായി ഞാനും ശൃംഗരിക്കുവാൻ പോകുകയാണ്." ആന്തരികമായി ഇതിൽ അദ്ദേഹം അസൂയാലുവാകുമെന്ന് ഞാൻ കരുതി. എന്നാൽ അതിനു വിപരീതമായി, മറ്റു പുരുഷന്മാർ എന്നെ ആകർഷകമായി കാണുവാൻ തുടങ്ങിയതിൽ അദ്ദേഹം അഭിമാനം കൊള്ളുകയും എന്നെ അതിന് വീണ്ടും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ ഞാൻ മുമ്പുള്ളതിനേക്കാൾ കൂടുതൽ ഏകയായി തീർന്നു. ഒടുവിൽ, എല്ലാം പരീക്ഷിച്ചു നോക്കുന്നത് ഒരു പരിഹാരമായി തോന്നിയില്ല.

"ഒരുപക്ഷേ, അത് സാധുക്കളെ സേവിക്കുന്നതിലാകാം." ഞാൻ ചിന്തിച്ചു. കോളേജ് പഠനക്കാലത്ത് ഒരു സാമൂഹ്യസംഘടനയായ 'പീസ്കോർപ്സി'ൽ ഞാൻ പ്രവർത്തിക്കുകയും മൂന്നാം ലോകരാഷ്ട്രങ്ങളെ സഹായിക്കുകയും ചെയ്തിരുന്നു. സ്ഥലത്തുള്ള 'ഹെഡ് സ്റ്റാർട്ട് സെന്ററിൽ' സൗജന്യ സേവനം നല്കുവാനും അതിലൂടെ ദരിദ്രരും അശരണരുമായ കുട്ടികളുമായി കളിക്കുകയും സമയം ചെലവഴിക്കുകയും ചെയ്യാമെന്നും ഞാൻ തീരുമാനിച്ചു. കുറ്റകൃത്യങ്ങൾ ചെയ്തവരും വീടുവിട്ട് ഓടിപ്പോയവരുമായ കുട്ടികൾക്ക് ഞാൻ വീട്ടിൽ ട്യൂഷൻ നല്കി. ക്രിസ്മസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സഭയിൽ നിന്നൊരു ബാഹ്യലോക പ്രവർത്തന സംഘത്തെ സംഘടിപ്പിച്ച് ആവശ്യക്കാരായവർക്ക് സമ്മാനപ്പൊതികളും ഭക്ഷണപ്പൊ തികളും വിതരണം ചെയ്യുകയും അഭയാർത്ഥിയായി സ്ഥലത്തെത്തിയിട്ടുള്ള ഒരു മെക്സിക്കൻ കുടുംബത്തിനെ സഹായിക്കുകയും ചെയ്തു. ഈ മെക്സിക്കൻ കുടുംബാം ഗങ്ങൾക്ക് ജോലി അന്വേഷിച്ചു

കൊടുക്കുകയും മറ്റു ചില ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്തു. മറ്റു വ്യക്തികളുടെ ജീവിതം മെച്ചമാക്കുവാൻ ഞാൻ സഹായിക്കുകയാ ണെന്നറിയുമ്പോൾ, അതെന്നിൽ വലിയ സംതൃപ്തി നൽകിയിരുന്നു. എന്നാൽ, അവയൊന്നും എന്റെ ജീവിതത്തിലെ പ്രധാന ശൂന്യതയെ നിറയ്ക്കുവാൻ പര്യാപ്തമായിരുന്നില്ല.

"ഒരു സഭയിൽ പങ്കാളിത്തം വഹിക്കുന്നതായിരിക്കും ജീവിതത്തിനുള്ള യഥാർത്ഥ ഉത്തരം" ഞാൻ ചിന്തിച്ചു. പുരോഹിതൻ തന്റെ ഔദ്യോഗിക വസ്ത്രം മാറ്റുവാൻ ഉപയോഗിക്കുന്ന ഇടുങ്ങിയ സ്ഥലത്ത് നടത്തിയിരുന്ന സൺഡേ സ്കൂളിൽ ഞാൻ പഠിപ്പിച്ചു. കുട്ടികളുടെ കുടുംബാംഗങ്ങളുടെ ലഘു ഉല്ലാസയാത്രകളും ചെറുവിരുന്നു സൽക്കാരങ്ങളും സംഘടിപ്പിച്ചു. അങ്ങനെ സഭയുടെ എല്ലാവിധമായ പ്രവർത്തനങ്ങളിൽ ഞാൻ പങ്കാളിത്തം വഹിച്ചു. 'ലൈഫ്' മാഗസിനിലൂടെ അധോലോക സഭ എന്നു വിളിക്കപ്പെടുന്ന ഒരു സഭയെക്കുറിച്ചു വായിച്ചു. പാരമ്പര്യവും ഔദ്യോഗികവുമായതുമായ സഭയ്ക്കു പുറത്ത് യഥാർത്ഥ വിശ്വാസം കണ്ടെത്തി അതിനെ പ്രാവർത്തികമാക്കുന്ന ഒരു സംഘം വിശ്വാസികളാണ് അധോലോക സഭയിലുള്ളത്. ഈ പ്രസ്ഥാനത്തിന്റെ പ്രഭാഷകരിൽ ഒരാളെ ഹൂസ്റ്റണിൽ പ്രസംഗിക്കുവാൻ ഞാൻ ക്ഷണിച്ചു. അദ്ദേഹത്തിന്റെ വാക്കുകളിലും ശൂന്യതയായിരുന്നു. സ്നേഹത്തിന്റേയോ ഹൃദയവായ്പിന്റെ ചൂടോ എനിക്കനുഭവപ്പെട്ടില്ല. "സഭപോലും ഒരു പരിഹാരമല്ലെങ്കിൽ, പിന്നെ എന്താണ് ഈ ജീവിതത്തിനുള്ള യഥാർത്ഥ പരിഹാരം?"

ചിലർ അഭിപ്രായപ്പെട്ടതനുസരിച്ച് ജ്യോതിഷം സംബന്ധിച്ച പുസ്തകങ്ങൾ ഞാൻ വായിച്ചു. എന്നാലത് കേവലം യാന്ത്രികവുംവ്യക്തിപരമായ സമീപനമല്ലാത്തതുമായി തോന്നിയതുകൊണ്ട് അതിൽ എനിക്ക് സന്തോഷം തോന്നിയില്ല. ക്രിയാത്മകമായ ചിന്താഗതിയെപ്പറ്റി ഞങ്ങളുടെ സഭ ക്രമീകരിക്കുന്ന ഒരു പഠനക്രമത്തിന്റെ തുടർച്ചയായ ക്ലാസ്സുകളിൽ ഞാൻ പങ്കെടുത്തു. "ഞാൻ ശരി, നിങ്ങളും ശരി" എന്ന

പുസ്തകത്തിൽ നിന്നാണ് ഞങ്ങൾ പഠിച്ചത്. അതെന്നെ മറ്റു സഹായഗ്രന്ഥങ്ങളിലേക്ക് നയിച്ചു. അതൊക്കെ എന്നെ സഹായിക്കുന്നതിനു പകരം കൂടുതൽ കൂടുതൽ അസമർത്ഥമായ തോന്നലിലേക്കാണ് വഴി നടത്തിയത്.

ക്രിയാത്മകമായ ചിന്താഗതിയോ, സ്വയബോധമോ ഇതിന് ഒരു പരിഹാരമല്ല. ഞാനിപ്പോൾ ആയിരിക്കുന്ന കുഴിയിൽ നിന്നും പുറത്തു കടക്കുന്നതിന് എനിക്ക് സ്വയം ആശ്രയിക്കുവാൻ കഴിയുകയില്ല. അതിന്റെ ഉത്തരം ഞാനല്ല... ഞാനല്ല സത്യം... ഞാൻ നിത്യമായതല്ല. പിന്നെ എന്നെ എത്രത്തോളം എനിക്ക് ആശ്രയിക്കുവാൻ കഴിയും? നിത്യമായതും വിശ്വസ്തമായതും അർത്ഥമുള്ളതുമായ ചിലത് ആശ്രയിക്കുവാനായി എനിക്ക് ആവശ്യമുണ്ട്. എന്നെക്കാൾ വലുതായ എന്തോ ഒന്നാണത്. "ഈ ജീവിതത്തിന് ഒരു ഉത്തരമില്ലേ?" ഞാൻ എന്നോടു തന്നെ ചോദിച്ചു. "ജീവിതം ഒരു വലിയ ഫലിതം മാത്രമാണോ? നാം കേവലം എഴുപതോ എൺപതോ വർഷങ്ങൾ ജീവിക്കുകയും പിന്നീട് മരിക്കുകയും ചെയ്യുന്നതു മാത്രമേയുള്ളോ? ജീവിതത്തിനൊരു ഉദ്ദേശ്യമില്ലേ?"

"ഇനി എന്തിന് ജീവിക്കണം?"

സംതൃപ്തി കണ്ടെത്തുന്നതിനായി വിവിധ ദിശകളിലേക്കുള്ള അനേക വിഷയങ്ങൾ പരീക്ഷിച്ചു നോക്കിയതിനുശേഷം, 'യാതൊരു ഉത്തരവുമില്ല' എന്ന പരിസമാപ്തിയിൽ വന്നെത്തിയപ്പോൾ ഞാൻ സ്വയം ചോദിച്ചു. "ഇനി എന്തിന് ജീവിക്കണം? ജീവിതമെന്നത് വേദനാപൂർണ്ണവും ഏകാന്തവും ദിവസം കഴിയുന്തോറും ശൂന്യവുമായി തീരുന്ന ഒന്നാണ്. ഇതുവരെ അങ്ങനെയായിരുന്നു. ഇനിയും അങ്ങനെ തന്നെയായിരിക്കും. ഈ വേദന സഹിച്ച് എന്തിനു തുടർന്നു ജീവിച്ചുകൊണ്ടിരിക്കണം?"

നഗരത്തിലെ പ്രചുരപ്രചാരം ലഭിച്ച ഒരു നാടകത്തിന്റെ പേര് "ലോകമേ, നിൽക്കുക; എനിക്കിതിൽ നിന്നും പുറത്തുവരണം" എന്നായിരുന്നു. അതെന്റെ യാചനയായി മാറി. എന്റെ ജീവൻ എങ്ങനെ ഒടുക്കിക്കളയണമെന്നതിനെ

ക്കുറിച്ചുവരെ ഞാൻ ചിന്തിച്ചു തുടങ്ങി.

1975-ന്റെ ശീതകാലം വന്നെത്തിയ സമയമായിരുന്നു അത്. ഇനി ബഹിരാകാശ പരിപാടികളെല്ലാം ഉപേക്ഷിച്ച് ഏതെങ്കിലും പുതിയൊരു തൊഴിൽ തുടങ്ങുവാൻ ചാർളി തീരുമാനിച്ചു. സാൻ അന്റോണിയിൽ ബിയർ വിതരണത്തിനുവേണ്ടി അപേക്ഷിക്കുകയും അത് ലഭിക്കുകയും ചെയ്തു. അതിലേക്ക് ഞങ്ങളുടെ കുടുംബത്തിന്റെ താമസമാറ്റത്തെക്കുറിച്ചുള്ള പദ്ധതികളൊരുക്കുവാനും തുടങ്ങി. ഈ പുതിയ തൊഴിൽ രംഗമായ ബിയർ ബിസിനസ്സിനെപ്പറ്റി ചാർളി കൂടുതൽ ആകാംക്ഷാഭരിതനായി തീർന്നപ്പോൾ, എനിക്ക് സംഭവിക്കുവാൻ പോകുന്ന തകർച്ചയെക്കുറിച്ച് ഞാൻ കുണ്ഠിതപ്പെടുകയായിരുന്നു. എല്ലാം വിച്ഛേദിച്ച് ഒരു പുതിയ ജീവിതം ആരംഭിക്കണമെന്നായിരുന്നു എനിക്കുള്ള നിലപാട്. എന്നാൽ, ഇതിനപ്പുറത്ത് അർത്ഥപൂർണ്ണമായ ഒരു ജീവിതം മറ്റൊന്നുള്ളതായി എനിക്കു തോന്നിയില്ല. ''വിവാഹമോചനമോ? അതോ ആത്മഹത്യയോ? അതുമല്ലെങ്കിൽ ഇപ്പോഴുള്ളത് കൂടുതൽ അനുഭവിക്കുകയോ? എന്തായിരിക്കണമത്?''

കഴിഞ്ഞ ചില മാസങ്ങളായി, ആത്മികമായ ഒരു ഉണർവ്വിനുള്ള വാരാന്ത്യ ആഘോഷങ്ങൾക്കുള്ള ''ഫെയ്ത്ത് എലൈവ്'' എന്ന പരിപാടി ക്രമീകരിക്കുവാൻ ഞങ്ങളുടെ സഭ പദ്ധതിയിടുകയായിരുന്നു. ഈ പരിപാടിയെ സ്പോൺസർ ചെയ്യുവാൻ ഞങ്ങളുടെ ശുശ്രൂഷാസംഘത്തെ തിരഞ്ഞെടുത്ത രാത്രി ഞാനോർക്കുന്നു. അതിന്റെ ഒരംഗം എന്ന നിലയിൽ ഞാൻ വാദിച്ചു. ''ആത്മികമായ ഒരു ഉണർവ്വിനു പകരം നാം നമ്മുടെ സമൂഹത്തിൽ കൂടുതൽ സാമൂഹ്യപ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്.'' ആത്മിക ഉണർവ്വ് എന്നുവച്ചാൽ എന്താണെന്നുകൂടി എനിക്കറിഞ്ഞുകൂടായിരുന്നു. എന്നാലത് പ്രായോഗികമോ ലൗകിക യാഥാർത്ഥ്യവുമായി ബന്ധപ്പെടാത്തതോ ആയ ഒന്നായി എനിക്കു തോന്നി. ആ വാരാന്ത്യം വന്നപ്പോൾ, ആത്മാർത്ഥതയുള്ള ഒരു സഭാനേതാവ് എന്നനിലയിൽ അതിനുവേണ്ടി പോകുവാൻ ഞാൻ സ്വയം

സമർപ്പിച്ചിരുന്നു. ചാർളിയും വരുന്നുണ്ടെന്നു പറഞ്ഞു. ചുരുക്കത്തിൽ, "ഫെയ്ത്ത് എലൈവി"ന്റെ ഭാഗമായി ലാവോർട്ടീയിൽ നിന്നും യാത്രചെയ്തുവരുന്ന അനേക ദമ്പതികളിൽ ഒരാളുടെ ആതിഥേയരായിരിക്കുവാൻ ഞങ്ങൾ സമ്മതിച്ചു.

ഈ വാരാന്ത്യ പരിപാടിയിൽ ഉച്ചഭക്ഷണവും രാത്രി ഭക്ഷണവും ക്രമീകരിച്ചിട്ടുണ്ടായിരുന്നു. ഗാനശുശ്രൂഷ കളുമുണ്ടായിരുന്നു. ഞങ്ങളുടെ അതിഥികളായി എത്തിയ മുപ്പതോളം വിശ്വാസികൾ നൽകിയ അവരുടെ വിശ്വാസത്തിന്റെ അനുഭവങ്ങളെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ ഞങ്ങൾ ശ്രദ്ധിച്ചു. ഇതിനുമുമ്പ് സാക്ഷ്യങ്ങൾ പറയുന്നത് ഞാൻ കേട്ടിട്ടില്ലായിരുന്നു. സഭയിൽ ഞാൻ പ്രസംഗം നടത്തുന്നതു പോലെയല്ലായിരുന്നു അത്. അതുകൊണ്ട്, തങ്ങളുടെ ജീവിതത്തിൽ അറിഞ്ഞ ദൈവിക യാഥാർത്ഥ്യത്തെപ്പറ്റിയും മറുപടി ലഭിച്ച പ്രാർത്ഥനകളെപ്പറ്റിയും ജീവിതത്തിനു വന്ന വ്യത്യാസങ്ങളെപ്പറ്റിയും അവർ പറഞ്ഞത് ആകാംക്ഷാപൂർവ്വം ഞാൻ കേട്ടിരുന്നു. ചിലതൊക്കെ വളരെ അത്ഭുതകരങ്ങളായ വ്യതിയാനങ്ങളായിരുന്നു. എന്നാൽ മറ്റുചിലത് ലളിതമായ മാറ്റങ്ങളായിരുന്നു. അവയെല്ലാം യേശു ക്രിസ്തുവിന്റെ കർത്തൃത്വത്തിന് മഹത്വം കൊടുക്കുന്നവ യായിരുന്നു. എന്നാൽ, ഇതുപോലെയുള്ളത് ഇതിനു മുമ്പ് ഞാൻ ഒരിക്കലും കേട്ടിരുന്നില്ല.

"ഇത് യാഥാർത്ഥ്യമോ? ദൈവം യാഥാർത്ഥ്യമാണോ? യേശുക്രിസ്തു ദൈവപുത്രനോ?"

ഞങ്ങളുടെ സഭയിലെ വിശ്വസ്തയായ ഒരംഗമായിരുന്നു ഞാനെങ്കിലും ദൈവവുമായുള്ള ബന്ധത്തിൽ യേശു ക്രിസ്തുവിനെ ബന്ധിപ്പിക്കേണ്ട ആവശ്യമില്ലെന്ന് ഞാൻ വളരെ മുമ്പു തന്നെ ചിന്തിച്ചുറച്ചിരുന്നു. അപ്പൊസ്തലിക വിശ്വാസ സംഘത്തിൽപ്പെട്ടവളാണെന്ന് ഞാൻ അവകാശപ്പെടുമായി രുന്നെങ്കിലും യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനാണെന്ന് ഞാൻ വിശ്വസിച്ചിരുന്നില്ല. കാരണം, കോളേജിൽ മിക്ക പ്രധാനപ്പെട്ട മതങ്ങളെപ്പറ്റിയും ഞാൻ പഠിച്ചിട്ടുണ്ട്. അവയെല്ലാം

ഏകദേശം ഒരുപോലെയാണെന്ന് എനിക്കു തോന്നിയിരുന്നു. ഞാൻ ഒരു ക്രിസ്തീയ രാഷ്ട്രത്തിൽ ജനിച്ചിരുന്നതുകൊണ്ടും ഒരു ക്രിസ്തീയ സഭയിലെ അംഗവുമായിരുന്നതിനാലുമാണ് ഞാൻ എന്നെ ഒരു ക്രിസ്ത്യാനി എന്ന് സ്വയം വിളിച്ചിരുന്നത്. എനിക്ക് വേഗത്തിൽ ഒരു മുസ്ലീമോ, ഹിന്ദുവോ ആകുവാൻ കഴിയുമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം, മുഹമ്മദ് നബിയെയും, ബുദ്ധനെയും പോലെ യേശുക്രിസ്തുവും ഒരു നല്ല ഗുരുവും നാം ജീവിക്കേണ്ടതിനുള്ള ഒരു മാതൃകാമാർഗ്ഗം കാട്ടിത്തന്ന വ്യക്തിയുമായിരുന്നു. നാം പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന ഉപദേശങ്ങളും കൽപ്പനകളുമായിരുന്നു പഠിപ്പിച്ചിരുന്നത്. ഇതാണ് മഹത്വകരമായ കൽപ്പന... അവയെല്ലാം ഇത്രമാത്രം വലിയ പ്രാധാന്യമുള്ളതായിരുന്നു.

എന്നാൽ, ഇവിടെയെത്തിയ വ്യക്തികളെല്ലാം യേശുക്രിസ്തുവിലൂടെ അവർക്ക് ദൈവത്തോട് ലഭിച്ച ബന്ധത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'' (യോഹ. 14:6) എന്ന വേദപുസ്തക വാക്യത്തെ അവർ യഥാർത്ഥമായും വിശ്വസിക്കുകയാണ്. അവരുടെ പാപത്തിനു വേണ്ടിയാണ് യേശുക്രിസ്തു മരിച്ചതെന്നും അവനിൽ വിശ്വസിക്കുന്നതിലൂടെ അവർക്ക് നിത്യജീവൻ ലഭിക്കുന്നുവെന്നും അവർ വിശ്വസിക്കുകയാണ്. നിത്യജീവൻ ഉണ്ടെന്നുള്ളതിൽ തന്നെ എനിക്ക് നിശ്ചയമില്ലായിരുന്നു. വാസ്തവത്തിൽ, ദൈവം തന്നെ നിലനിൽക്കുന്നുണ്ടോ എന്നെനിക്ക് ഉറപ്പില്ലായിരുന്നു. ആ കാലങ്ങളിലുള്ള ഒരു പ്രശസ്തമായ പുസ്തകം ''ദൈവം മരിച്ചു'' എന്നത് അതിനെ സ്ഥാപിക്കുന്നതായിരുന്നു. ദൈവം എന്നത് നമ്മുടെ സങ്കൽപ്പത്തിന്റെ ഒരു കണിക മാത്രമാണ്. കാരണം, നമുക്ക് ആശ്രയിക്കുവാനുള്ള ഒരു ഊന്നുവടിയായി ഒരു ദൈവത്തെ നമുക്കാവശ്യമുണ്ട് എന്നായിരുന്നു ആ ഗ്രന്ഥം വ്യക്തമാക്കിയിരുന്നത്. മാത്രമല്ല, നാം ശാസ്ത്രീയമായി

വളരെയധികം പുരോഗമിച്ചിരിക്കുന്നതിനാൽ നമുക്കിനി ദൈവത്തെ ഒട്ടും ആവശ്യമില്ല; അതുകൊണ്ട് അവൻ മരിച്ചിരിക്കുന്നു... ദൈവമെന്ന സങ്കല്പം മൃതിയടഞ്ഞിരിക്കുന്നു! അങ്ങനെയെങ്കിൽ, അതായത്, ഇത് സത്യമാണെങ്കിൽ, ദൈവം നമ്മുടെ സങ്കല്പത്തിലെ ഒരു കണിക മാത്രമാണല്ലോ എന്ന് ഞാൻ അത്ഭുതപ്പെട്ടു.

എന്നാൽ ഈ വ്യക്തികളെല്ലാം ദൈവം ജീവിച്ചിരിക്കുന്നു എന്നാണു പറയുന്നത്. അവൻ ഒരു യാഥാർത്ഥ്യമാണെന്ന് അവർ അറിയുന്നു. അതായത്, അവർ അവനോട് സംസാരിക്കുന്നു; അവന്റെ ശബ്ദം കേൾക്കുന്നു. ദൈവം അവരുടെ പ്രാർത്ഥനകൾക്ക് മറുപടിയും നൽകുന്നു. എന്റെ പ്രാർത്ഥനകൾക്ക് ദൈവം എപ്പോഴെങ്കിലും മറുപടി തന്നിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. അതെ, ചാർളിയുടെ ബഹിരാകാശപേടകത്തിന്റെ വിക്ഷേപണ ദിനത്തിൽ അദ്ദേഹത്തെ സൂക്ഷിച്ചുകൊള്ളണമേയെന്ന് ഞാൻ രാവിലെ പള്ളിയിൽ ചെന്ന് പ്രാർത്ഥിച്ചിരുന്നു. എന്നാൽ 'നാസാ'യുടെ വിദഗ്ദ്ധരുടെയും കോൺട്രാക്ടർമാർ പണിത ശക്തമായ ഇരുമ്പു കവചത്തിന്റെയും ചാർളി, ജോൺ, കെൻ എന്നിവരുടെ ഉത്തമമായ പരിശീലനത്തിന്റെയും ഫലമാണ് വിജയകരമായ ഒരു യാത്ര അവർക്കു ലഭിച്ചതെന്നാണ് ഞാൻ വിശ്വസിച്ചിരുന്നത്.

"ഫെയ്ത്ത് എലൈവ്" എന്ന പരിപാടിക്കുവേണ്ടി എത്തിയ വ്യക്തികളെല്ലാം ദൈവം തങ്ങളുടെ പ്രാർത്ഥന കേൾക്കുന്നുവെന്ന ബോദ്ധ്യമുള്ളവരാണ്. നാം ആയിരിക്കുന്ന അവസ്ഥയിൽ തന്നെയാണ്, യേശുക്രിസ്തു നമ്മെ സ്നേഹിക്കുന്നതെന്ന് അവർ പറഞ്ഞു. ആ സ്നേഹം നേടിയെടുക്കുന്നതിന് അർഹമായ രീതിയിൽ ഞാൻ ഒന്നും ചെയ്യേണ്ടതില്ല. യേശുക്രിസ്തു ഒരു ക്രൂശിൽ എനിക്കുവേണ്ടി മരിക്കുവാൻ തക്കവണ്ണം അവൻ എന്നെ സ്നേഹിച്ചു. ഞാൻ അത് അംഗീകരിച്ച് വിശ്വസിക്കുകയും എന്റെ ജീവിതം അവനിലേയ്ക്ക് തിരിക്കുകയും ചെയ്താൽ മാത്രം മതി.

"ഞാനത് ശ്രമിച്ചുനോക്കിയാലോ? നിലനിൽക്കുന്നുണ്ടോ

എന്ന് എനിക്ക് നിശ്ചയമില്ലാത്ത വ്യക്തിയിലേക്ക് എന്റെ ജീവിതം തിരിക്കുകയോ? അവൻ വാസ്തവമായും അത്രമാത്രം എന്നെ സ്നേഹിക്കുന്നുണ്ടോ?''

എന്റെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും യേശുക്രിസ്തു നൽകുമെന്ന് അവർ പറഞ്ഞു. ''അത് വാസ്തവമാണോ? ഈ ഉത്തരത്തിനു വേണ്ടിയാണോ ഞാൻ കാത്തിരുന്നത്?'' വിശ്വാസത്തിന്റെ ഒരു ചുവട് വയ്ക്കുന്നത് വളരെ പ്രയാസമായി തോന്നി. ''ഞാനിതുവരെ സഭയിൽ ആയിരുന്നതുപോലെ തുടരുന്നതല്ലേ നല്ലത്? ഒരുപക്ഷേ അത് യാഥാർത്ഥ്യമല്ലെങ്കിലോ? മറ്റെല്ലാം എന്നെ പരാജയപ്പെടുത്തിയിരിക്കുന്നു. ഇതും എന്നെ പരാജയപ്പെടുത്തുമോ? ഞാൻ സൂക്ഷിച്ചുവയ്ക്കുകയും പിന്നീടത് ശൂന്യമായി കണ്ടതായ എന്റെ ഹൃദയത്തിന്റെ ഉള്ളറ ഞാൻ ദൈവത്തിനു തുറന്നു കൊടുക്കണമോ? ദൈവത്തിന്റെ അസ്തിത്വത്തെ അവിശ്വസിക്കുമ്പോൾ തന്നെ അവനുണ്ടെന്നുള്ള അഭിനയത്തിൽ ഞാൻ തുടരുകയായിരുന്നുവെന്നത് അറിയുന്നത് നല്ലതല്ലേ?''

ഈ വാരാന്ത്യത്തിൽ ഞങ്ങളോടൊപ്പം സമയം ചെലവഴിക്കുവാൻ തങ്ങളുടെ സമയം മാറ്റിവച്ച ഈ വ്യക്തികളെ ഞാൻ ശ്രദ്ധിച്ചു. അവരിൽ വളരെയധികം സന്തോഷവും വളരെയധികം സ്നേഹവും അവരുടെ സാക്ഷ്യവചനങ്ങളിൽ ഉറച്ച വിശ്വാസവും പ്രകടമായിരുന്നു. ''എന്തുകൊണ്ട് ഇതിനൊരവസരം കൊടുത്തുകൂടാ?'' വാസ്തവത്തിൽ ഞാനിതുവരെ ചെയ്തതെല്ലാം നഷ്ടപ്പെടുത്തുന്നവയായിരുന്നു. എന്നിലെ നിരാശ നിറഞ്ഞ സാഹചര്യത്തിൽ കരുതാവുന്ന അവസാനത്തെ പ്രതീക്ഷയാണിത്.''

ആ രാത്രിയിൽ ഏകയായി എന്റെ കിടക്കയ്ക്കരികിൽ ഞാൻ മുട്ടുകുത്തി നിന്ന് പ്രാർത്ഥിച്ചു.

എന്റെ പ്രാർത്ഥന ഇതായിരുന്നു: ''ദൈവമേ, നീ ഒരു യാഥാർത്ഥ്യമോ എന്നെനിക്ക് അറിയുകയില്ല. യേശുക്രിസ്തുവേ, നീ ദൈവത്തിന്റെ പുത്രനാണോ എന്നും എനിക്കറിയില്ല. എന്നാൽ ഞാൻ എന്റെ ജീവിതത്തെ വളരെ സങ്കീർണ്ണമാക്കിയിരിക്കുന്നു.

നീ ഒരു യാഥാർത്ഥ്യമാണെങ്കിൽ, നിനക്ക് എന്റെ ജീവിതം ലഭിക്കും. ഒരുപക്ഷേ, നീ ഒരു യാഥാർത്ഥ്യമല്ലെങ്കിൽ എനിക്ക് മരിക്കണം!'' ഈ പ്രാർത്ഥനയിലൂടെ എന്റെ ജീവിതത്തിന്മേലുള്ള നിയന്ത്രണത്തെ കൈമാറി. ഞാനിപ്പോൾ എല്ലാ ഉത്തരങ്ങൾക്കും വേണ്ടി ദൈവത്തെ നോക്കുകയാണ്. എന്റെ ജീവിത സംതൃപ്തിക്കുവേണ്ടി, ഞാൻ അവനെ പൂർണ്ണമായി ആശ്രയിക്കുവാൻ പോവുകയാണ്. ദൈവവും യേശുക്രിസ്തുവും യാഥാർത്ഥ്യമാണോ എന്നറിയുന്നതിന് ഞാൻ എന്നെത്തന്നെ സമർപ്പിച്ചു.

എന്റെ തീരുമാനത്തെക്കുറിച്ച് ഞാൻ ആരോടും, ചാർളിയോടുപോലും പറഞ്ഞില്ല. അടുത്തദിവസം ഞാൻ ശ്രദ്ധിച്ച ഒരു വ്യത്യാസം ഇതുമാത്രമാണ്. ഉത്തരങ്ങൾക്കുവേണ്ടി ഞാൻ ഇനി ഒരു സ്ഥാനത്തേക്കു മാത്രമേ നോക്കുകയുള്ളു. ചാർളിയിലല്ല, എന്റെ ജോലിയിലല്ല, സ്വയസഹായ ഗ്രന്ഥങ്ങളിലല്ല, പക്ഷേ ദൈവത്തിലാണ്. ആ സംഘത്തിലെ ഒരാൾ എനിക്ക് കാമ്പസ് ക്രൂസേഡിന്റെ ഒരു ലഘുലേഖ തന്നു. ദൈവവുമായുള്ള ഈ പുതിയ ബന്ധത്തിൽ നിങ്ങൾ ഒരിക്കലും നിങ്ങളുടെ തോന്നലുകളെ ആശ്രയിക്കരുതെന്നും ദൈവവചനമെന്ന വസ്തുതയിന്മേലാണ് നിങ്ങൾ തീരുമാനമെടുക്കേണ്ടതെന്നും എങ്കിലേ തോന്നലുകൾ അതിനു കീഴ്പ്പെട്ട് പിന്തുടരുകയുള്ളു എന്നും അതിൽ വിശദീകരിച്ചിരുന്നു. ഞാനും അങ്ങനെ തന്നെ ചെയ്യണമെന്ന് ആഗ്രഹിച്ചു. കാരണം, എനിക്ക് ഒരു വ്യതിയാനം ആവശ്യമായിരുന്നു.

ദിവസവും എന്നെ നയിക്കുവാനും സഹായിക്കുവാനും ഞാൻ ദൈവത്തോട് ആവശ്യപ്പെട്ടു. ഞാൻ സ്വയപരിശോധന ചെയ്തു. ''ദൈവം ഒരു സത്യമാണെങ്കിൽ അവൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അവന് എന്നെ സഹായിക്കുവാൻ കഴിയും.'' എന്റെ ഒന്നാമത്തെ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടിയപ്പോൾ ഞാൻ ചിന്തിച്ചു. ''ഓ, ഇതു കേവലം യാദൃച്ഛികമായി ഒരു സമയത്ത് സംഭവിച്ചതാണ്. ഇത് ദൈവത്തിൽ നിന്നുള്ളതല്ല.'' പിന്നീട് മറ്റൊരു

പ്രാർത്ഥനയ്ക്കുള്ള മറുപടി കിട്ടി, വീണ്ടും മറ്റൊന്നുകൂടി. "തീർച്ചയായും, ഇതെല്ലാം യാദൃച്ഛികമായി ഈ സന്ദർഭത്തിൽ സംഭവിച്ചതു തന്നെ." എന്നാൽ രണ്ടു മാസത്തിനുള്ളിൽ വിവിധ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചുകഴിഞ്ഞപ്പോൾ അതിനെ കേവലം യാദൃച്ഛികമായി ഇനിയും തള്ളിക്കളയുവാൻ എനിക്ക് കഴിഞ്ഞില്ല. ദൈവം എന്നു കേട്ടിരുന്നത് സത്യമാണെന്ന് ഞാൻ മനസ്സിലാക്കി. മാത്രമല്ല, ദൈവം സ്നേഹപൂർവ്വം എന്റെ ജീവിതത്തിലേക്ക് കൈകടത്തിയിരിക്കുന്നു. ഞാൻ പൂർണ്ണമായി സ്നേഹിക്കപ്പെടുന്നതായി ആദ്യമായി എനിക്കു തോന്നിയ നിമിഷങ്ങളായിരുന്നു അത്.

ഇതേ സമയത്തുതന്നെ, ആവർത്തിച്ചാവർത്തിച്ച് ഞാൻ ഒരേ സ്വപ്നം കാണുന്നുണ്ടായിരുന്നു. ആ സ്വപ്നത്തിൽ മറ്റു ചില വ്യക്തികളുമായി ഞാൻ ഒരു തീവണ്ടിയാത്ര ചെയ്യുകയാണ്. ആ വണ്ടി എവിടേക്ക് പോകുകയാണെന്നോ അതിന്റെ എൻജിൻ ഡ്രൈവർ ആരെന്നോ എനിക്കറിയില്ല. എങ്കിലും ഞാൻ ഒരു ശരിയായ സ്ഥാനത്താണിരിക്കുന്നതെന്ന അറിവിന്റെ വലിയ സമാധാനം എന്നിലുണ്ടായിരുന്നു. പല രാത്രികളിൽ ഈ സ്വപ്നം ആവർത്തിച്ചു കഴിഞ്ഞപ്പോൾ, ഈ സ്വപ്നം ദൈവം തന്നതാണോ എന്ന് അവനോട് ചോദിക്കുവാൻ ഞാൻ തീരുമാനിച്ചു. അങ്ങനെയാണെങ്കിൽ, ഇതിന്റെ അർത്ഥമെന്ത്? പെട്ടെന്ന് ഇപ്രകാരമൊരു ചിന്തകൾ എന്റെ മനസ്സിലേക്ക് കടന്നുവന്നു. "അതെ, ഞാൻ നിനക്ക് സ്വപ്നം നൽകിയതാണ്. നീ ജീവിതത്തിന്റെ തീവണ്ടിയാത്രയിലാണ്. യേശുക്രിസ്തുവാണതിന്റെ ഡ്രൈവർ. ഈ ജീവിതത്തിൽ നിന്നും നിന്നെ അവൻ എവിടേക്കാണ് കൂട്ടിക്കൊണ്ടു പോകുന്നതെന്ന് നിനക്കറിയില്ല. എന്നാൽ അവൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ട് നിനക്ക് സമാധാനം ലഭിച്ചിരിക്കും. കുരിശിൽ മരിച്ച വിധം വരെ അവൻ നിന്നെ സ്നേഹിച്ചു. അവൻ നിന്നെ എപ്പോഴും സ്നേഹിക്കും. നിനക്കവനെ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യാം. നിന്നോടൊപ്പം ഈ തീവണ്ടിയിലുള്ളത് യേശുക്രിസ്തുവിനെ കർത്താവായി അംഗീകരിച്ചിട്ടുള്ളവരാണ്." ഞാൻ ഞെട്ടിപ്പോയി.

"ഇതെന്നോട് ദൈവം സംസാരിച്ചതാണോ?"

ഇപ്പോൾ എല്ലാം വ്യക്തമായി. അതെ, ദൈവം എന്നോട് സംസാരിക്കുകയാണെന്ന് ഞാൻ വിശ്വസിച്ചു. അവൻ യാഥാർത്ഥ്യമാണ്. അവൻ എന്നെ സ്നേഹിക്കുന്നതുകൊണ്ട് എനിക്കവനെ വിശ്വസിക്കാം. അധികം താമസിയാതെ വീണ്ടും ദൈവം എന്നോട് സംസാരിച്ചു. എന്റെ ഹൃദയത്തിന് ഉറപ്പു വരുത്തിയതുപോലെ എന്റെ ചിന്താമണ്ഡലത്തിൽ ഒരു മൃദുല സ്വരമായാണ് വീണ്ടും ദൈവം സംസാരിച്ചത്. ഈ പ്രാവശ്യം അവൻ പറഞ്ഞു. ഡോട്ടീ, നീ വീണ്ടും ജനിച്ചിരിക്കുന്നു. നിന്റെ എല്ലാ മുൻകാല പാപങ്ങളും ക്ഷമിക്കപ്പെട്ടിരിക്കുന്നു. നീ ഏറ്റവും പുതിയതായൊരു ജീവിതം ആരംഭിക്കുകയാണ്. ഇനി നിനക്ക് പുറകിലേക്ക് തിരിഞ്ഞുനോക്കേണ്ടതില്ല. നിന്റെ ഭൂതകാലം മുഴുവനും കഴുകി വെടിപ്പാക്കി. നീ ഒരു പുതിയ ജീവിതം ആരംഭിക്കുകയാണ്. ഇനി നിന്റെ ദാമ്പത്യജീവിതം കൂടി വീണ്ടും ജനിക്കണമെന്നുണ്ടെങ്കിൽ, നീ ചാർളിയോട് ക്ഷമിക്കണം."

ചാർളിയോടു ക്ഷമിക്കുകയോ? ഒരേ സമയം ദൈവം എന്റെ മേൽ കുറ്റം വിധിക്കുകയും ഞാൻ പ്രതിരോധാത്മകമായി തീരുകയും ചെയ്തു. 'എന്നെ മുറിപ്പെടുത്തിയ എല്ലാ നിമിഷങ്ങളെയും ഞാൻ ഓർക്കുന്നുണ്ടെന്ന് ചാർളിക്കുമറിയാം. എന്റെ ജന്മദിനത്തെ മറന്നുകളയുകയും മറ്റുള്ളവരുടെ മുൻപിൽ വച്ച് എന്നെ വിമർശിക്കുകയും എന്നെ തരംതാഴ്ത്തി കാണിക്കുകയും മറ്റുള്ള പെൺകുട്ടികളോടൊപ്പം ശൃംഗരിക്കുകയും ചെയ്ത വ്യക്തി. മാത്രമല്ല, ഇങ്ങനെയുള്ളവ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന വ്യക്തി. അവയെല്ലാം എന്റെ ഓർമ്മയിൽ നന്നായി പതിഞ്ഞിരുന്നു. ഇടയ്ക്കിടെ ഞാനിതു ചാർളിയെ ഓർമ്മപ്പെടുത്തിയിരുന്നു. അദ്ദേഹത്തോട് ഞാൻ ക്ഷമിക്കുകയോ? അദ്ദേഹം പോകാൻ പറയുക! എന്തിനധികം, എന്നോട് ചെയ്തതിന് പശ്ചാത്തപിക്കുകപോലും ചെയ്തിട്ടില്ല. എന്നോട് ക്ഷമിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. തെറ്റു ചെയ്തു എന്നുപോലും അദ്ദേഹം ചിന്തിക്കുന്നില്ല.

"ഇല്ല ദൈവമേ," ഞാൻ പിടിവാശിയോടെ മറുപടി

പറഞ്ഞു. ''അദ്ദേഹമത് ഒരിക്കലും അർഹിക്കുന്നില്ല. അദ്ദേഹം കുറച്ചുസമയം അതിനെപ്പറ്റി വിഷമിക്കണമെന്നെനിക്കുണ്ട്. അദ്ദേഹത്തോട് ക്ഷമിക്കുവാൻ എനിക്ക് സാദ്ധ്യമല്ല'' ഈ സന്ദർഭത്തിൽ ദൈവം വളരെ ശക്തിയായി എന്നോട് സംസാരിച്ചു. ''ഡോട്ടി, നീ എന്നെ നിന്റെ കർത്താവായി അംഗീകരിച്ചു എന്നാണ് ഞാൻ വിചാരിച്ചത്. ഒരു കർത്താവായിരിക്കുന്നതിലൂടെ ഞാൻ ആഗ്രഹിക്കുന്നതാണ് നീ ചെയ്യേണ്ടത്; അല്ലാതെ നീ ചെയ്യണമെന്ന് ആഗ്രഹിക്കുന്നതല്ല.'' തുടർന്ന് ദൈവവചനത്തെക്കുറിച്ച് എന്നെ ഓർമ്മപ്പെടുത്തി. ''എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്'' (മത്താ. 7:21). ആ നിമിഷത്തിൽ, കർത്തൃത്വത്തെപ്പറ്റിയുള്ള എന്റെ ധാരണ വ്യക്തമായി. എനിക്ക് ചെയ്യാൻ ആഗ്രഹമുള്ളതല്ല, ദൈവത്തിനു ആഗ്രഹമുള്ളവയാണ് ഞാൻ ചെയ്യേണ്ടത്.

പിന്നീട് വാദിക്കുവാൻ ഞാൻ ഒട്ടും തുനിഞ്ഞില്ല. അതുകൊണ്ട് ദൈവത്തോടുള്ള എന്റെ അടുത്ത ചോദ്യം ഇതായിരുന്നു. ''എന്നാൽ ഞാൻ എങ്ങനെ അദ്ദേഹത്തോടു ക്ഷമിക്കും? നീ എന്നോടു ക്ഷമിച്ചതുപോലെ ഞാൻ അദ്ദേഹത്തോട് ക്ഷമിക്കണമെന്നാണോ നിന്റെ ആവശ്യം? അതായത്, എല്ലാം കഴുകി തുടച്ച് വൃത്തിയാക്കുക, ക്ഷമിക്കുക, മറക്കുക അത് ചെയ്യുവാൻ എനിക്കൊരു മാർഗ്ഗവുമില്ല.'' ഞാൻ മനഃശാസ്ത്രങ്ങളിൽ നിന്നും പഠിച്ചിട്ടുള്ളതുവരെ ഞാൻ ദൈവത്തെ ഓർമ്മപ്പെടുത്തി. അതായത്, നിങ്ങൾക്ക് മാനസികമായ മുറിവു പറ്റിയിട്ടുണ്ടെങ്കിൽ നിങ്ങൾക്കതിനെ ഒരിക്കലും അതിജീവിക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ ജീവിതകാലം മുഴുവനും അതിന്റെ ഓർമ്മയും വേദനയുമായി കഴിയും. നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നത് ഇത് മാത്രമേയുള്ളു. അതുമായി പൊരുത്തപ്പെടുവാൻ പരിശീലിക്കുക. അല്ലാതെ, ക്ഷമിച്ചു മറക്കുവാൻ കഴിയുകയില്ല. ''നീ എന്നോട് ക്ഷമിച്ചതുപോലെ എനിക്ക് അദ്ദേഹത്തോട് ക്ഷമിക്കുവാൻ കഴിയുകയില്ല.''

ദൈവത്തിന്റെ ദയാവായ്പ്പുള്ള വാക്കുകൾ എന്നെ വീണ്ടും ആശ്വസിപ്പിച്ചു. "അദ്ദേഹത്തോട് ക്ഷമിക്കാം എന്നുമാത്രം നീ സമ്മതിക്കുക. എന്നാൽ ഞാൻ നിന്നെ സഹായിക്കാം." അതുപോലെ എന്നെ ദൈവം സഹായിച്ചു. ഓരോ സമയവും ചാർളി പണ്ടുചെയ്ത എന്തെങ്കിലും ഓർമ്മയിലെത്തുമ്പോൾ ദൈവം എന്നോടു പറയും. "അതിനെപ്പറ്റി നിനക്കിനി കൂടുതൽ ചിന്തിക്കുവാൻ കഴിയുകയില്ല. നീ അദ്ദേഹത്തോട് ക്ഷമിച്ചു എന്നത് ഓർക്കുക. അതുകൊണ്ട് അത് തുടച്ചുനീക്കപ്പെട്ടു. ഇനി അതവിടെ ഇല്ല." പെട്ടെന്ന് ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ സ്കൂളിൽ ഉണ്ടായിരുന്നതുപോലെയുള്ള കറുത്ത ബോർഡ് സങ്കല്പിക്കും. തുടച്ചു കളഞ്ഞിട്ട് നനഞ്ഞ തുണികൊണ്ട് കഴുകി വൃത്തിയാക്കുമ്പോൾ ചോക്കിന്റെ ഒരംശം പോലും പിന്നെ ആ ബോർഡിൽ ദൃശ്യമാകുകയില്ല. അങ്ങനെ കർത്താവിനോടുള്ള അനുസരണത്തിൽ എന്റെ മനസ്സിൽ വരുന്ന ഓരോ ചിന്തകളെയും പെട്ടെന്നു തന്നെ നീക്കിക്കളയും.

ആറുമാസത്തോളം ഇതു വീണ്ടും വീണ്ടും തുടർന്നു കൊണ്ടിരുന്നു. ഓരോ സമയത്തും കഴിഞ്ഞകാല മുറിവുകളെ ഓർക്കുവാൻ ഞാൻ പ്രലോഭിക്കപ്പെടുമ്പോൾ കർത്താവ് ഈ വിലക്കുകളുടെ ആവർത്തനത്താൽ എന്നെ പ്രോത്സാഹിപ്പിക്കുകയും ഞാൻ എന്റെ മനസ്സിൽ നിന്നുള്ള ചിന്തകളെ പുറത്താക്കുകയും ചെയ്യും. ഒരു അത്ഭുതകരമായ സൗഖ്യം എന്നിൽ സംഭവിക്കുമ്പോൾ എന്റെ ഹൃദയത്തിൽ നിന്ന് അതൃപ്തിയും ക്ഷമ നൽകാത്തതുമായ അവസ്ഥയും കർത്താവ് നീക്കം ചെയ്യുന്നതിനോടൊപ്പം കഴിഞ്ഞ പന്ത്രണ്ടു വർഷത്തിലപ്പുറമായി ഉണ്ടായിരുന്ന മാനസിക മുറിവുകളെയും അതിന്റെ സ്മരണകളെയും കൂടി മായിച്ചുകളയുമായിരുന്നു. ഞാൻ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ചറിഞ്ഞു. യെശയ്യാവിൽ യേശുവിനെക്കുറിച്ചു നൽകിയിട്ടുള്ള പരാമർശനത്തെ മനസ്സിലാക്കുവാനും കഴിഞ്ഞു. ബന്ധന്മാർക്ക് വിടുതലും.... പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു (ലൂക്കൊ. 4:18).

കർത്താവ് തുടർച്ചയായി എന്നെ സ്വതന്ത്രയാക്കി

ക്കൊണ്ടിരിക്കുന്നു!

എന്റെ ഏകാന്തതയിൽ നിന്നും എന്നെ കർത്താവ് സ്വതന്ത്രയാക്കി. സാധാരണ എന്റെ ജീവിതത്തിൽ ഏകാന്തതയും സ്നേഹിക്കപ്പെടാത്ത അവസ്ഥയും അനുഭവിച്ചിരുന്നു. എന്റെ മാതാപിതാക്കളിൽ നിന്നല്ല, എന്റെ സുഹൃത്തുക്കളിൽ നിന്നും ചാർളിയിൽ നിന്നുമായിരുന്നു അത്. എന്നാലിപ്പോൾ ദൈവം എന്നെ സ്നേഹിക്കുന്നുവെന്നും അവൻ എന്നോടൊപ്പമുണ്ടെന്നും അവനെന്നെ ഉപേക്ഷിക്കുകയില്ലെന്നും ഞാൻ അറിയുന്നു. അതെ, പ്രപഞ്ചത്തിലുള്ളതിൽ നിന്നെല്ലാം ഏറ്റവും പ്രധാനമായി നാം അറിയേണ്ട വസ്തുത ഇതാണ്. 'ചാർളി എന്നെ സ്നേഹിക്കുന്നില്ല' എന്ന് അനുഭവപ്പെടുമ്പോൾ എന്നെ കരുതുകയും എന്നെ സ്നേഹിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവിന്റെ സാന്നിദ്ധ്യം ഗ്രഹിച്ചറിയുവാനും അവന്റെ ശബ്ദത്തെ തിരിച്ചറിയുവാനും ഞാൻ പഠിച്ചു. ശബ്ദം ശ്രവ്യമായ ഒന്നല്ല, എങ്കിലും സ്നേഹപൂർവ്വം എന്റെ ചിന്തകളിൽ എന്റെ ഹൃദയം കൊണ്ട് കേൾക്കുകയും അത് ദൈവത്തിൽ നിന്നുള്ളതാണെന്ന് വേദപുസ്തകം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

ഇനി ഒരിക്കലും ആത്മഹത്യ ചെയ്യുവാൻ എനിക്ക് ആഗ്രഹമില്ല. ഞാൻ എന്റെ ജീവിതത്തെ കർത്താവിനു നല്കി. അതുകൊണ്ട് എന്റെ മരണം അവന്റെ കയ്യിലാണ്. മരണത്തിനപ്പുറമുള്ള അക്കരയ്ക്കു പോകേണ്ട സമയം ഞാനല്ല, അവനാണ് നിശ്ചയിക്കുന്നത്. മാത്രമല്ല, ചാർളിയിൽ നിന്നും ഒരിക്കലും ഒരു വിവാഹമോചനം എനിക്കാവശ്യമില്ല. ചാർളിയെ എന്റെ ഭർത്താവായി നൽകിയിട്ടുള്ളതാണെന്നും ദൈവം എന്നെ കാണിച്ചുതന്നു. ചാർളിക്ക് എന്നെ ഉപേക്ഷിക്കണമെങ്കിൽ അത് അദ്ദേഹത്തിന്റെ കാര്യം. എന്തായാലും ഞാൻ അദ്ദേഹത്തിനോട് വിവാഹമോചനം ആവശ്യപ്പെടുകയില്ല.

ഞാൻ "ഫെയ്ത്ത് എലൈവ്" പരിപാടിയിലായിരുന്നപ്പോൾ യേശുക്രിസ്തുവിനെ എന്റെ കർത്താവായി അംഗീകരിച്ചാൽ അത് എന്റെ വിവാഹ ജീവിതത്തിന്

സഹായകമായി തീരുമെന്ന് അവരിൽ ഒരാൾ എന്നോടു പറഞ്ഞിരുന്നു. ഇതെന്നെ വളരെ പ്രോത്സാഹിപ്പിച്ചു. അതുവരെ എന്നെ തേടി വരുന്ന രാജകുമാരന്റെ സ്വപ്നമായിരുന്നു എനിക്കുണ്ടായിരുന്നത്. എന്നാൽ ഞാൻ ദൈവമുൻപാകെ എന്റെ തീരുമാനമെടുത്തു കഴിഞ്ഞയുടനെ എന്റെ ജീവിതം കർത്താവിന് കൈമാറുകയാണ് എന്നെ സംബന്ധിച്ചിടത്തോളം ശരിയായ കാര്യം എന്ന് അവൻ എന്നോട് പറയുന്നതു പോലെ എനിക്കനുഭവപ്പെട്ടു. അതായത്, എന്റെ ജീവിതം പൂർണ്ണമാക്കി തീർക്കുവാൻ എനിക്ക് ദൈവത്തെ ആവശ്യമായിരുന്നു. എന്റെ ദാമ്പത്യ ജീവിതത്തിന് വ്യതിയാനം വരേണമെങ്കിൽ അതിനെ ദൈവത്തിന്റെ പക്കൽ എപ്പോഴും ഏൽപ്പിച്ചിരിക്കണം എന്നർത്ഥമായിരുന്നു അതിനുണ്ടായിരുന്നത്. പൂർണ്ണതയുള്ള ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള ആഗ്രഹങ്ങളുടെ ഒരു വിഗ്രഹത്തെയായിരുന്നു ഞാനിതുവരെ നിർമ്മിച്ചെടുത്തിരുന്നത്. എന്നാൽ, അത് ശരിയാക്കി തീർക്കുവാൻ യേശുക്രിസ്തുവിനെ അനുവദിക്കുകയും അവനെ അനുസരിക്കുകയും ചെയ്യുന്നത് എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി മാറേണ്ടതാവശ്യമായിരുന്നു.

എന്റെയുള്ളിൽ വളരെ നാളുകളായി സൂക്ഷിച്ചിരുന്ന സന്തുഷ്ട ദാമ്പത്യ ജീവിതത്തിന്റെ സങ്കൽപ്പത്തെ ഇളക്കിയെടുത്ത് കർത്താവിന് നല്കിയപ്പോൾ എന്റെ മനസ്സിൽ മരണത്തെപ്പോലെ എന്തോ ഒന്നിന്റെ അവസ്ഥ എനിക്കനുഭവപ്പെട്ടു. ആ മരണത്തോടുകൂടെ, എനിക്ക് ഒരു പുതിയ ജീവിതവും സ്വാതന്ത്ര്യവും അനുഭവപ്പെട്ടു. ഞാൻ എന്തായി തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നതായ തീരുമാനത്തിലാണ് സ്വാതന്ത്ര്യമുള്ളത്, അല്ലാതെ ചാർളിയോ, മറ്റാരെങ്കിലുമോ, എന്നെ എന്തായി കാണണമെന്നുള്ള ചിന്തയിലല്ല സ്വാതന്ത്ര്യമുള്ളത്. ദൈവത്തെ വിശ്വസിച്ച് ആശ്രയിക്കുകയും അവന്റെ ഹിതം ചെയ്യുക എന്നതും മാത്രം എന്റെ അസ്തിത്വത്തിന്റെ ലക്ഷ്യമായിത്തീരുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ

ഇതൊക്കെയും നിങ്ങൾക്ക് കിട്ടും (മത്താ. 6:33). എന്നാൽ സങ്കൽപ്പങ്ങൾ മരിക്കുന്നതു വളരെ പ്രയാസകരമാണ്. എങ്കിലും, ചാർളിക്കും ഞങ്ങളുടെ ദാമ്പത്യജീവിതത്തിനും വ്യതിയാനം വരുമെന്ന് ഞാൻ കുറച്ചുനാൾ തുടർച്ചയായി പ്രത്യാശിച്ചു.

ഏകദേശം ഈ സന്ദർഭത്തിൽ തന്നെയാണ് സാൻആന്റോജിയോവിനു പുറത്തുള്ള ഒരു ചെറിയ പട്ടണത്തിലേക്ക് ഞങ്ങൾ താമസം മാറ്റിയത്. ചാർളി തന്റെ ബിയർ വിതരണത്തിന്റെ ബിസ്സിനസ് ആരംഭിച്ചു. ഞങ്ങളുടെ ജീവിതം ഇനിയിപ്പോൾ കൂടുതൽ മെച്ചമാകുമെന്നും എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും വേണ്ടി ഇനിയും കൂടുതൽ സമയം ചെലവഴിക്കുവാൻ ചാർളിക്കു ലഭിക്കുമെന്നും ഞാൻ കരുതി. എന്നാൽ, സംഗതികൾ മെച്ചമാകുന്നതിനു പകരം കൂടുതൽ മോശമായി തീരുകയാണ് ചെയ്തത്. അദ്ദേഹം ദിവസവും നേരം വെളുക്കുന്നതിനു മുമ്പേ വീട്ടിൽ നിന്നിറങ്ങിപ്പോകുകയും വളരെ ഇരുട്ടിയശേഷം മടങ്ങിയെത്തുകയും ചെയ്തു.

''ഫെയ്ത്ത് എലൈവ്'' എന്ന പരിപാടി ചാർളിയെ വ്യതിയാനപ്പെടുത്തിയിരുന്നില്ല. എന്നെ പഴയതുപോലെ പരിഗണിക്കുകയും അതിലുപരി, കൂടുതൽ ധനം സമ്പാദിക്കണമെന്ന താൽപര്യത്താൽ അദ്ദേഹത്തിന്റെ മനസ്സ് നിറയുകയും ചെയ്തു. വാരാന്ത്യത്തിലുള്ള എല്ലാ സഭാ യോഗങ്ങളിലും അദ്ദേഹം പതിവായി പോയിരുന്നു എങ്കിലും തന്റെ പുതിയ ബിസ്സിനസ് സംരംഭത്തെക്കുറിച്ചുള്ള ആഴമായ ചിന്തയാൽ അദ്ദേഹത്തിന്റെ മനസ്സ് നിറയപ്പെട്ടിരുന്നു. ഈ ബിസ്സിനസ് എല്ലാം ഒന്നിച്ചു ക്രമീകരിക്കുകയും തനിക്ക് സമ്പാദിക്കുവാൻ കഴിയുന്ന ധനത്തെക്കുറിച്ചു ചിന്തിച്ച് ആകാംക്ഷാഭരിതനായി മാത്രം തീരുവാനേ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുള്ളു. കർത്താവിനോട് ഞാൻ ഇത് പരാതിപ്പെട്ടപ്പോൾ, എന്റെ ഹൃദയത്തിൽ അവൻ പറഞ്ഞു: ''ഡോട്ടീ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിനക്ക് ഉത്തമമായത് വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഏതു രീതിയിൽ ആയിരിക്കുന്നുവോ അതാണ് ഇപ്പോൾ നിനക്ക് ഉത്തമമായിട്ടുള്ളത്.''

ഞാൻ സ്തംഭിച്ചുപോയി! "കർത്താവേ, നീയെന്താണ് അർത്ഥമാക്കിയത്? ഇപ്പോൾ എന്തായിരിക്കുന്നുവോ അതാണ് എനിക്ക് ഇപ്പോൾ ഉത്തമമായിരിക്കുന്നത് എന്നോ? എന്താണ് എനിക്ക് ഉത്തമമായിട്ടുള്ളതെന്ന് എനിക്ക് നന്നായി അറിയാം." ഞാൻ വാദിച്ചു. "അതായത്, ഒരു നല്ല ഭർത്താവിനുണ്ടായിരിക്കേണ്ടതായ നല്ല സ്വഭാവങ്ങളെക്കുറിച്ച് ദീർഘമായ പട്ടിക എന്റെ മനസ്സിലുണ്ട്. അവയൊന്നും ചാർളിയിലില്ല. ഞാൻ നിരാശിതയും അസന്തുഷ്ടിയുള്ളവളും ആകുവാനുള്ള കാരണം അദ്ദേഹമാണ്. അദ്ദേഹം എന്നെ അതുപോലെയാക്കിക്കളഞ്ഞു." എന്നാൽ കർത്താവ് തന്റെ പഴയ വാക്കുകൾ വീണ്ടും വീണ്ടും എന്റെ മനസ്സിൽ ആവർത്തിച്ചുകൊണ്ടിരുന്നു. "ഞാൻ നിന്നെ സ്നേഹിക്കുന്നു, ഡോട്ടീ, നിനക്ക് എന്താണ് മെച്ചമായിട്ടുള്ളതെന്ന് എനിക്കറിയാം. ഇപ്പോൾ ചാർളി എന്തായിരിക്കുന്നുവോ അതു തന്നെയാണ് നിനക്ക് ഉത്തമം." ഒടുവിൽ ഞാൻ കർത്താവിനു സമർപ്പിച്ചിട്ട് ചോദിച്ചു: "ശരി, കർത്താവേ, ഞാൻ എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?"

"ചാർളിയെ സ്നേഹിക്കുക" ഉറച്ച മറുപടിയായിരുന്നു അത്. അദ്ദേഹത്തെ വ്യതിയാനപ്പെടുത്തുവാൻ ശ്രമിക്കരുത്; അദ്ദേഹത്തെ രക്ഷപ്പെടുത്തുവാനും ശ്രമിക്കരുത്. ഞാൻ രക്ഷിതാവാണ്. അതെ, നീ അദ്ദേഹത്തെ സ്നേഹിക്കുക മാത്രം ചെയ്യുക." ഈ വാക്കുകളിലൂടെ കർത്താവ് എന്നെ സ്നേഹിച്ച വിധത്തിൽ ഞാൻ ചാർളിയെ ഒരു നിബന്ധനയും കൂടാതെ സ്നേഹിക്കണമെന്നാണ് കർത്താവ് അർത്ഥമാക്കിയതെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ചാർളിയെ നിബന്ധന പ്രകാരമായിരുന്നു സ്നേഹിച്ചിരുന്നത്. ഞാൻ സ്നേഹിക്കുമ്പോൾ അദ്ദേഹം എന്നെ തിരികെ സ്നേഹിക്കണമെന്നായിരുന്നു എനിക്കുണ്ടായിരുന്നത്. ഒരുപക്ഷെ, ഞാൻ അദ്ദേഹത്തെ 75 ശതമാനം സ്നേഹിക്കുമ്പോൾ എനിക്ക് തിരികെ ലഭിക്കുന്നത് 25 ശതമാനമായിരിക്കും. എന്നാൽ അദ്ദേഹം എന്നെ സ്നേഹിക്കുകയോ സ്നേഹിക്കാതിരിക്കുകയോ ചെയ്യുമ്പോഴും ഞാൻ അദ്ദേഹത്തെ നൂറു ശതമാനം സ്നേഹിക്കുവാനാണ് ദൈവം ഇപ്പോൾ കല്പിച്ചിരിക്കുന്നത്.

അതിനുവേണ്ടിയാണ് എന്നെ നിയോഗിച്ചാക്കിയിരിക്കുന്നത്. പിന്നീട് എന്റെ പ്രാർത്ഥന ഇപ്രകാരമായി മാറി: 'കർത്താവേ, ചാർളിയെ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ.'

യാതൊരു നിബന്ധനയും കൂടാതെ, ചാർളിയെ സ്നേഹിക്കുന്നതിൽ എന്നെ സഹായിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുകയും അദ്ദേഹം ആയിരിക്കുന്ന വിധത്തിൽ അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്തപ്പോൾ എനിക്ക് ചാർളിയോടുള്ള സ്നേഹത്തെ വെളിപ്പെടുത്തുന്ന ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യുന്നതിനെപ്പറ്റി ദൈവം പെട്ടെന്ന് വെളിപ്പെടുത്തി തന്നു. അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുള്ള പയർ ബേക്ക് ചെയ്തുകൊടുത്തു. മാത്രമല്ല, അദ്ദേഹത്തിന് ഗോൾഫ് കളിക്കണമെന്നു തോന്നിയപ്പോൾ പരാതി പറഞ്ഞില്ല, ദൈവത്തോടുള്ള അനുസരണത്തിൽ സ്നേഹത്തിന്റെ പ്രകടനങ്ങൾ ഇപ്രകാരം പ്രദർശിപ്പിച്ചപ്പോൾ (എനിക്ക് മുമ്പ് ചാർളിയോട് സ്നേഹം പ്രകടിപ്പിക്കണമെന്ന് സ്വയം തോന്നിയിട്ടില്ല) കർത്താവ് എന്റെ ഹൃദയത്തെ വ്യതിയാനപ്പെടുത്തുവാൻ തുടങ്ങുകയും എന്റെ ഭർത്താവിനോടുള്ള സ്നേഹത്തെ എന്നിൽ നിറയ്ക്കുകയും ചെയ്തു.

വാസ്തവമായും മരിച്ചുപോയിരുന്ന സ്നേഹം വീണ്ടും കത്തിപ്പടരുവാൻ തുടങ്ങുകയായിരുന്നു.

ചാർളി അന്ന് ആയിരുന്ന വിധമാണ് എനിക്ക് ഏറ്റവും ഉചിതമായിരുന്നതെന്ന് പിന്നീടാണ് ഞാൻ മനസ്സിലാക്കുവാൻ തുടങ്ങിയത്. എന്നെ വ്യതിയാനപ്പെടുത്തുവാൻ കർത്താവ് ആഗ്രഹിച്ചിരുന്നു. എന്റെ അടുത്ത് തികച്ചും സ്നേഹിക്കപ്പെടുവാൻ പ്രയാസമുള്ള വ്യക്തിയെ ആക്കുന്നതാണ് നിബന്ധന കൂടാതെയുള്ള സ്നേഹം എന്തെന്ന് പഠിപ്പിക്കുന്നതിനുള്ള ഏറ്റവും മെച്ചമായ മാർഗ്ഗമെന്ന് കർത്താവിന് അറിയാമായിരുന്നു. എന്നെ സ്നേഹിക്കുന്ന വ്യക്തിയെ സ്നേഹിക്കാൻ എനിക്ക് പ്രയാസമില്ല. എന്നാൽ, എന്നിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനാൽ എന്നെ തിരികെ സ്നേഹിച്ചാലുമില്ലെങ്കിലും ഒരു വ്യക്തിയെ നിബന്ധനയില്ലാതെ സ്നേഹിക്കുവാൻ

കഴിയുമെന്ന് ഞാൻ പഠിക്കണമെന്ന് കർത്താവായ യേശുക്രിസ്തുവിനുണ്ടായിരുന്നു. ഈ സത്യം എന്നെ പഠിപ്പിച്ചതിന് ഞാൻ കർത്താവിനെ സ്തുതിക്കുന്നു.

"എന്നാൽ കർത്താവേ, എനിക്കും സ്നേഹം ആവശ്യമുണ്ട്; പക്ഷെ ചാർളി എന്നെ സ്നേഹിക്കുന്നില്ലല്ലോ" സ്നേഹത്തെക്കുറിച്ചുള്ള എന്റെ ആവശ്യത്തെ കർത്താവിനോട് പരാതിപ്പെടുകയും ചാർളിയുടെ സ്നേഹത്തിന്റെ അഭാവം അനുഭവപ്പെടുകയും ചെയ്തപ്പോഴൊക്കെ, കർത്താവ് എന്നെ ഓർമ്മപ്പെടുത്തും: "ഡോട്ടീ, എനിക്ക് നിന്നോട് മതിയായ സ്നേഹമുണ്ട്; അത് തീർന്നു പോകാതെവണ്ണം ഇനിയും വളരെ ശേഷിച്ചിരിക്കുന്നു. നിനക്ക് ആവശ്യമുള്ള അത്രയും സ്നേഹം എന്നിലുണ്ട്. സ്നേഹത്തിനു വേണ്ടി എന്നെ നോക്കുക. നിന്റെ ആവശ്യങ്ങൾക്കെല്ലാം വേണ്ടി നീ എന്നെ നോക്കിക്കൊള്ളുക." എന്റെ സന്തോഷത്തിനും സംതൃപ്തിക്കും വേണ്ടി ഞാൻ ചാർളിയെയും ഞങ്ങളുടെ ദാമ്പത്യ ജീവിതത്തെയും ആയിരുന്നു ഇതുവരെ നോക്കിയിരുന്നതെന്ന് തിരിച്ചറിഞ്ഞു. ചാർളിയെ എന്റെ ജീവിതത്തിലെ ഒന്നാം സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തെ എന്റെ ദൈവമാക്കി വച്ചിരുന്നു. അദ്ദേഹത്തിനു നിവർത്തിക്കുവാൻ കഴിയാത്ത ഒരു ഭാരത്തെയായിരുന്നു ചാർളിയുടെമേൽ ഞാൻ ചുമത്തിയിരുന്നത്. ആരുംതന്നെ പരിപൂർണ്ണരല്ല; അതുകൊണ്ട് തീർച്ചയായും അദ്ദേഹം എന്നെ നിരാശപ്പെടുത്തിയിരുന്നു. യേശുക്രിസ്തു മാത്രമേ പരിപൂർണ്ണനായിട്ടുള്ളു. അതുകൊണ്ട് അവനെന്നെ ഒരിക്കലും നിരാശയാക്കിയിട്ടില്ല. അവൻ എന്റെ സ്ഥിരമായ സുഹൃത്തും സന്തത സഹചാരിയുമാണ്. അവൻ സ്നേഹത്തിൽ എന്നും വിശ്വസ്തനും എന്റെ പ്രോത്സാഹനവുമാണ്.

കർത്താവും ഞാനുമായി ചെലവഴിച്ചത് സമാധാനത്തിന്റെ മനോഹര നിമിഷങ്ങളായിരുന്നു. എന്നാൽ എപ്പോഴെങ്കിലും ചാർളി തന്റെ ജോലി സ്ഥലത്തു നിന്നു ഭവനത്തിലെത്തുകയും അദ്ദേഹം എന്നോട് ചിലതു ക്ഷയാത്മകമായ രീതിയിൽ പറയുകയും ചെയ്യുമ്പോൾ

എന്നിലുള്ള സമാധാനവും സ്നേഹവും നഷ്ടപ്പെട്ടു പോകും. പക്ഷെ, സമാധാനമാണ്, അല്ലാതെ നിരാശയല്ല എന്നിലുണ്ടായിരിക്കേണ്ടതെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. ഞാൻ ചാർളിയെ സ്നേഹിക്കണമെന്നും കർത്താവ് ആഗ്രഹിക്കുന്നതായി എനിക്കറിയാം. എന്നാൽ ചാർളിയുടെ പ്രവൃത്തിയും വാക്കുകളും തീർച്ചയായും എന്നെ മുറിപ്പെടുത്തുമ്പോൾ എനിക്ക് എങ്ങനെ സമാധാനവും സ്നേഹവുമുള്ളവളായിരിക്കാൻ കഴിയും? എന്നാൽ കർത്താവ് ഒരു ഉപദേഷ്ടാവിലൂടെ എന്നോടു പറഞ്ഞു: നിന്നെ ആർക്കും നിരാശയാക്കുവാൻ കഴിയുകയില്ല. നീ നിരാശിതയായിരിക്കണമെന്ന് ചാർളിക്ക് നിന്നെ നിർബന്ധിക്കുവാൻ കഴിയുകയില്ല. അദ്ദേഹം നിന്റെ തലയ്ക്കു നേരെ തോക്കു നീട്ടി നിർബന്ധിക്കുന്നില്ല. വാസ്തവമല്ലേ? എന്നാൽ നീയാണ് നിരാശിതയാകുവാൻ സ്വയം തീരുമാനിക്കുന്നത്.''

ഇപ്രകാരമുള്ള ഭ്രാന്തമായ രീതിയിലുള്ള വാക്കുകളും ചിന്തകളും കേൾക്കുവാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു; തീർച്ചയായും ചാർളിയാണെന്നെ നിരാശയാക്കുന്നത്. എന്നാൽ പിന്നീട് ആ മനുഷ്യൻ പറഞ്ഞതിനെക്കുറിച്ച് ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനും തുടങ്ങി. യേശുക്രിസ്തുവിന് ഞാൻ നിരാശിതയായിരിക്കുവാൻ ആഗ്രഹമില്ല. നിരാശയ്ക്കു പകരം സമാധാനവും സ്നേഹവും തിരഞ്ഞെടുക്കുവാനുള്ള യഥാർത്ഥ സ്വാതന്ത്ര്യം എനിക്കില്ലേ? മറ്റുള്ളവരോട് പ്രതികരിക്കുന്ന വിധത്തെ എനിക്ക് തിരഞ്ഞെടുക്കുവാൻ കഴിയുമോ? എനിക്കത് കഴിയുമെന്ന് ദൈവം ഉറപ്പു നൽകി. ക്ഷയാത്മകമായ സാഹചര്യത്താലും മറ്റുള്ളവർ എന്നോട് ഇടപെടുന്ന രീതിയാലും ഞാൻ നിയന്ത്രിക്കപ്പെടാതിരിക്കുവാൻ പരിശുദ്ധാത്മാവിനാൽ എനിക്ക് എപ്രകാരം കഴിയുമെന്ന് ദൈവം എന്നെ കാണിച്ചുതരുവാൻ തുടങ്ങി. സ്നേഹത്തിന്റെയും സമാധാനത്തിന്റേതുമായ ദൈവിക പരിചയ്ക്കുള്ളിൽ എന്നെ സൂക്ഷിക്കുന്നതിന് എപ്രകാരം പ്രവർത്തിക്കണമെന്ന് ദൈവം എന്നെ പഠിപ്പിച്ചു. അതിലൂടെ, എപ്പോഴൊക്കെ ചാർളി എന്നെ

തളർത്തിക്കളയുമോ അപ്പോഴൊക്കെ കോപത്താലോ നിരാശയാലോ അല്ലാതെ, സ്നേഹത്താൽ എങ്ങനെ പ്രതികരിക്കാമെന്ന് കർത്താവ് എന്നെ പരിശീലിപ്പിച്ചു. ഇത് ചെയ്തെടുക്കുന്നതിന് എന്നിലുള്ള സ്വന്തമായ സഹതാപത്തെയും എന്റെ മുറിവുകൾക്കും നിരാശയ്ക്കുമുള്ള ഉത്തരവാദിത്വം ചുമത്തി മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതും ഞാൻ മാറ്റിക്കളയേണ്ടതാവശ്യമായിരുന്നു. എന്നാൽ ഇതിന്റെ ഫലമോ ആത്മാവിലുള്ള സ്വതന്ത്രമായ ഹൃദയവും സ്നേഹവും സമാധാനവും നിറഞ്ഞ അവസ്ഥയായിരുന്നു.

പിന്നിട്ട മാസങ്ങളിലൊക്കെയും ദൈവത്തിന്റെ സ്നേഹം എന്നിലൂടെ ചാർളിയിലേക്ക് പ്രവഹിക്കുവാൻ ഞാൻ ഏൽപ്പിച്ചുകൊടുത്തിരിക്കുകയായിരുന്നു. ചില സന്ദർഭങ്ങളിൽ ഞാനതിൽ പരാജയപ്പെടുകയും ക്ഷമാപണം ലഭിക്കേണ്ടതിന് കർത്താവിലേക്ക് തിരിയുകയും ചെയ്തു.

എന്നാൽ ക്രമേണ കാര്യങ്ങൾ ക്രമപ്പെടുത്തി മുമ്പോട്ടു പോകേണ്ടതെങ്ങനെയെന്നും ദൈവത്തിനു നിയന്ത്രണം നൽകേണ്ടതെങ്ങനെയെന്നും ഞാൻ പഠിച്ചു. കർത്താവിനെ സ്വീകരിച്ചതിനു ശേഷം രണ്ടരവർഷം കഴിഞ്ഞപ്പോൾ, ചാർളിയെ ഒരു ബൈബിൾ പഠനത്തിനുവേണ്ടി ഞാൻ ക്ഷണിച്ചു. ഈ പഠനസമയത്ത് യേശുക്രിസ്തുവിന്റെ അവകാശവാദങ്ങളാൽ ചാർളിയാകെ ആകർഷിതനാകുകയും യേശുക്രിസ്തു വാസ്തവമായും ദൈവപുത്രനാണെന്ന് തിരിച്ചറിയുകയും ചെയ്തു. യേശുക്രിസ്തുവിനെ വ്യക്തിപരമായ രീതിയിൽ തന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചപ്പോൾ അദ്ദേഹം വീണ്ടും ജനനം പ്രാപിച്ച വ്യക്തിയായി മാറി.

ഇപ്പോൾ ഞങ്ങളുടെ ദാമ്പത്യജീവിതം വീണ്ടും ജനിച്ചതാണ്. യേശുക്രിസ്തുവിന്റെ കർതൃത്വത്തിനു മുമ്പിൽ സമർപ്പിക്കപ്പെട്ടതുമാണ്. അവൻ തന്നെയാണ് ഞങ്ങളുടെ ജീവിതത്തിലും ദാമ്പത്യജീവിതത്തിലും ഒന്നാമൻ ആയിട്ടുള്ളവൻ. തീർച്ചയായും, ഞങ്ങളുടെ വൈവാഹിക ജീവിതം പൂർണ്ണതയുള്ളതല്ല. കാരണം, ഞങ്ങൾ ഇപ്പോഴും

അപൂർണ്ണതയുള്ളവരാണ്. എന്നാൽ, ഞങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുള്ളപ്പോൾ ഏതിലേക്ക് തിരിയണമെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾ അപ്പോൾ കരങ്ങൾ കോർത്തു പിടിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും ഞങ്ങളുടെ ജീവിതത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ഹിതത്തെ ആരായുകയും ചെയ്തുവരുന്നു.

കർത്താവ് എന്റെ ജീവിതത്തിൽ വലിയ സന്തോഷവും സംതൃപ്തിയും തന്നു. ഞാൻ അവനിൽ പൂർണ്ണ തുണയാണെന്നെനിക്കറിയാം. ഒരുപക്ഷെ, ചാർളി ഒരിക്കലും യേശുക്രിസ്തുവിനെ തന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചില്ലായെങ്കിൽ കൂടി, എന്റെ ജീവിതം യേശുക്രിസ്തുവിൽ പൂർണ്ണമാണെന്ന് എനിക്കറിയാം. എനിക്ക് ആവശ്യമുള്ള വ്യക്തി അവൻ തന്നെ!

എന്റെ ജീവിതത്തിന് ദൈവം ചെയ്തുതന്ന എല്ലാറ്റിനായും ഞാൻ അവനെ സ്തുതിക്കുന്നു. അവൻ എനിക്ക് പുതിയ ഒരു ജീവിതവും എനിക്കൊരു നല്ല ദാമ്പത്യവും തന്നു. അവൻ പുനരുത്ഥാനവും ജീവനുമാണ്. കത്തിയെരിഞ്ഞ ചാരത്തിൽ നിന്നും മനോഹരവും അത്ഭുതകരവുമായ ചിലതിനെ അവൻ സൃഷ്ടിച്ചെടുക്കുന്നു. അവന്റെ പരിശുദ്ധനാമം വാഴ്ത്തപ്പെടട്ടെ! എന്റെ ജീവിതം മുഴുവനും അതീവസുന്ദരനായ എന്റെ രാജകുമാരനെ കാത്തിരിക്കുകയായിരുന്നു. രാജകുമാരനിലും ഉത്തമനായ ഒരുവനെയാണ് ഞാൻ കണ്ടെത്തിയത്. അവന്റെ പേര് 'രാജാക്കന്മാരുടെ രാജാവായ യേശുക്രിസ്തു' എന്നാണ്.

''നീ എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൗനമായിരിക്കാതെ നിനക്ക് സ്തുതി പാടേണ്ടതിനു തന്നെ. എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്ക് സ്തോത്രം ചെയ്യും'' (സങ്കീ. 30:11.12).

യേശുക്രിസ്തുവിനെ നിങ്ങളുടെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. നിങ്ങൾ ഇപ്രകാരം വിശ്വസിച്ച്

പ്രാർത്ഥിക്കുമോ?

പ്രിയ ദൈവമേ,

നീ എന്നെ സ്നേഹിച്ചതുകൊണ്ട് എന്റെ പാപങ്ങൾക്കു വേണ്ടി ക്രൂശിൽ മരിക്കുവാനും എനിക്ക് പാപക്ഷമ നൽകി ഒരു പുതുജീവിതം നൽകുവാനും നിന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ച മഹാസ്നേഹത്തിന് ഞാൻ നന്ദി കരേറ്റുന്നു.

ഇപ്പോൾ എന്റെ ഹൃദയത്തിനുള്ളിലേക്ക് എന്റെ കർത്താവും രക്ഷിതാവുമെന്ന നിലയിൽ വരുവാൻ യേശുവേ, അങ്ങയെ ഞാൻ ക്ഷണിക്കുന്നു. എന്റെ പാപങ്ങളെല്ലാം എന്നോട് ക്ഷമിച്ചാലും. നീ ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു വ്യക്തിയായി തീരുവാൻ നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ സഹായിക്കേണമേ.

ഞാൻ ഇപ്പോൾ വീണ്ടും ജനിച്ചതിനാലും എന്നെ ദൈവത്തിന്റെ പുത്രനാക്കി / പുത്രിയാക്കി തീർത്തതിനാലും നിന്നെ സ്തുതിക്കുന്നു. അതുകൊണ്ട് നിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ എനിക്ക് നിത്യജീവൻ ഉണ്ട്. ആമേൻ!

* * * * *

ഒരു പുതിയ ദൈവപൈതൽ എന്ന നിലയിൽ, മറ്റു ചിലരോട് ഇതു പറയുവാനും വേദപുസ്തകം ദിവസവും വായിക്കുവാനും പ്രസംഗിക്കുവാനും പ്രാർത്ഥിക്കുവാനും ഒരു ക്രിസ്തീയ കൂട്ടായ്മയിൽ പങ്കെടുക്കുവാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

**-ഡോട്ടി ഡ്യൂക്ക്**




**അനർഘ നിമിഷത്തിനു മുൻപ്:** കെന്നഡി സ്പേസ് ഫ്ളൈറ്റ് സെന്ററിന്റെ ലോഞ്ച്പാഡിൽ ചാർളി കുടുംബ സമേതം




വിവാഹദിനത്തിൽ ചാർളിയോടൊപ്പം ഡോട്ടി (1963, ജൂൺ)




**ഔദ്യോഗിക ജീവിതരംഗത്തിലെ ചില വ്യക്തിപരമായ നിമിഷങ്ങൾ:**

ചാർളിയും ഡോട്ടിയും മക്കളോടൊപ്പം (ഒരു പഴയ ചിത്രം)



**ചെന്നു, കണ്ടു, കീഴടക്കി:** ചന്ദ്രനിൽ നാട്ടിയ അമേരിക്കൻ പതാകയെ ചാർളി അഭിവാദ്യം ചെയ്യുന്നു.



**സന്തോഷത്തിന്റെ ദിനങ്ങൾ:** ചാർളിയും ഡോട്ടിയും (ഒരു പഴയ ചിത്രം)




**ജേതാവിന്റെ ചിരി**: അപ്പോളോ-16 എന്ന ചാന്ദ്രിക പേടകത്തിലുപയോഗിച്ച വസ്ത്രംധരിച്ച ചാർളി